**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** **13-02-2024 - ൽ മറുപടിയ്ക്ക്**

**ചരക്ക് സേവന നികുതി വെട്ടിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപകമായി ചരക്ക് സേവന നികുതി വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം ഇതുവരെ 841 അന്വേഷണങ്ങൾ തുടങ്ങുകയും ഇതിൽ 256 കേസുകൾ പൂർത്തിയാക്കുകയും ഇതിലൂടെ 1622.80 കോടി രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം ഇത്തരം തട്ടിപ്പുകൾ കണ്ടുപിടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം ഇതുവരെ 841 അന്വേഷണങ്ങൾ തുടങ്ങുകയും ഇതിൽ 256 കേസുകൾ പൂർത്തിയാക്കുകയും ഇതിലൂടെ 1622.80 കോടി രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിറ്റുവരവ് കുറച്ച് കാണിച്ചും ബില്ല് നൽകാതെയും നടത്തുന്ന തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഇത്തരം തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ എടുക്കുന്നുണ്ട്.ഇവർക്കെതിരെ സെർച്ച്, ആവശ്യമെങ്കിൽ അതിനെ തുടർന്നുള്ള അറസ്റ്റ് എന്നീ നടപടികളാണ്<br><br>ഇന്റലിജൻസ് വിഭാഗം സ്വീകരിച്ചു വരുന്നത്. നികുതി വെട്ടിപ്പ് തടയുന്നതിനായി ഇത്തരം നടപടികൾ **തുടരുന്നതാണ്.** |
| (ഡി) | ജി.എസ്.ടി. വകുപ്പുതല ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉയർന്ന നിലവാരത്തിലുള്ള പരിശീലനം കൃത്യമായ ഇടവേളകളിൽ ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു.നികുതി വെട്ടിപ്പ് തടയുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലെ സമാന വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത ഓപ്പറേഷനുകൾ നടത്തുകയും ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. ഇന്ത്യയിലെ വിവിധ ഇക്കണോമിക് ഇന്റലിജൻസ് വിഭാഗങ്ങളുമായി ചേർന്ന് പരിശീലന പരിപാടികളും, Experience Sharing എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, മറ്റു |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളുമായി തത്സമയ വിവര കൈമാറ്റം നടത്തുന്നതിലൂടെ അന്തർ സംസ്ഥാന നികുതി വെട്ടിപ്പ് സംഘങ്ങളെ കണ്ടെത്തുന്നതിനും,<br><br>അവരെ തടയുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും മെച്ചപ്പെട്ട രീതിയിൽ നടപ്പിൽ വരുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ